(ബി) ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ കേരള ലോക്കൽ ഓഡിറ്റ് നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗൗരവമായ ഓഡിറ്റ് നിരീക്ഷണങ്ങൾ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തി നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരുന്നു. ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദികളായവരുടെ ശമ്പളത്തിൽനിന്നും ഈടാക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാറുണ്ട്. കരാറിലേർപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങൾ സർക്കാരിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നഷ്ടം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുകയും പ്രസ്തുത സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്യുവരുന്നു.

അനാഥകുട്ടികളുടെ ജനന തീയതി

248 (T* 3227) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്നവരും അനാഥാലയങ്ങളിൽ താമസിക്കുന്നവരുമായ കുട്ടികളുടെ ജനന തീയതി കണക്കാക്കുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുട്ടികളുടെ ജനന തീയതി സംബന്ധിച്ച കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചീഫ് രജിസ്ട്രാറുടെ 7-2-2015-ലെ ബി1-4356/15 നമ്പർ സർക്കുലറിലെ 4.1 ഖണ്ഡിക പ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ജ) ഖണ്ഡം അനുസരിച്ച് നടത്തേണ്ടതാണെന്നും രജിസ്ട്രേഷൻ നടത്തുന്നതിനായി കുട്ടിയുടെ ദത്തെടുക്കൽ നടപടിവരെ കാത്തിരിക്കേണ്ടതില്ലെന്നും യഥാസമയം ജനനം റിപ്പോർട്ട് ചെയ്യാത്ത പക്ഷം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശിക്കുന്നുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly